# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6157** **07/11/2016-ലെ മറുപടിയ്ക്ക്**

**ശ്രീ.കെ.ശേഖരന്റെ പ്രമാണവും മറ്റു രേഖകളും തിരികെ നല്കാൻ നടപടി**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഗ്രാമവികസന വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന കെ.ശേഖരൻ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വർഷം, തുക എന്നിവ വ്യക്തമാക്കാമോ; | (എ) (ബി) ഈ വകുപ്പിൽ വിവരം ലഭ്യമല്ല. |
| (ബി) | അദ്ദേഹത്തിന് വായ്പ അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വായ്പ അനുവദിക്കുന്നതിന് അദ്ദേഹത്തിൽ നിന്നും വാങ്ങിയ രേഖകൾ ഏതെല്ലാമെന്നും തിരിച്ചടച്ച മുതലും പലിശയും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ; | |
| (സി) | 10 വർഷങ്ങൾക്കുമുമ്പ് മരണപ്പെട്ടു പോയ കെ.ശേഖരൻ ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് എടുത്ത പ്രസ്തുത വായ്പയ്ക്ക് ഈടായി നല്കിയിരുന്ന പ്രമാണവും അനുബന്ധ രേഖകളും തിരികെ ലഭിക്കുന്നതിന്, അദ്ദേഹത്തിന്റെ വിധവ ശ്രീമതി.എൽ.വിലാസിനി, തിരുവനന്തപുരം ഗ്രാമ വികസന കമ്മീഷണറേറ്റിൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) ശ്രീമതി.എൽ.വിലാസിനി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതു പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ നിരാക്ഷേപ പത്രം നല്കിയിരിക്കുന്നത് തിരുവനന്തപുരം ജില്ലാകളക്ടർക്ക് ആയതിനാൽ തുടർ നടപടികൾക്ക് ജില്ലാ കളക്ടറെ സമീപിക്കാവുന്നതാണെന്ന് അറിയിച്ച് അപേക്ഷകയ്ക്ക് മറുപടി നല്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ, നടപടി സ്വീകരിക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ; മരണപ്പെടുന്നതിനു മുമ്പുതന്നെ വായ്പാതുകയും പലിശയും കൃത്യമായി അടച്ചുതീർത്തിട്ടും അദ്ദേഹത്തിന്റെ അവകാശിക്ക് പ്രമാണവും അനുബന്ധ രേഖകളും മടക്കി നല്കാതെ കൈവശം വച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | ബാധകമല്ല |
| (ഇ) | പ്രമാണവും മറ്റു രേഖകളും തിരികെ ലഭിക്കുന്നതിനായി ഇനി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും അവ എന്നത്തേക്ക് തിരികെ നല്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ